## കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ നടപടി ക്രമം
(ഹാജർ - പി. എൻ. വിജയകുമാർ)

വിഷയം - ചുമട്ടു തൊഴിൽ മേഖലയിൽ കൂലി ഏകീകരിക്കൽ- കോട്ടയം ജില്ലയിൽ നിർമ്മാണ മേഖലയിലുള്ള കയറ്റിറക്ക് തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിച്ച് നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1. ലേബർ കമ്മീഷണറുടെ 24.4.2013ലെ ജി(1) 142/2012 നം. കത്തിലെ നിർദ്ദേശം.
2. ലേബർ കമ്മീഷണറുടെ 7.1.2014 ലെ ജി(1) 23562/2013 നമ്പർ കത്തിലെ നിർദ്ദേശം.
3. 21.5.2013, 30.5.5013, 17.6.2014, 8.1.2014, 21.1.2014, 30.1.2014, 4.2.2014, 13.2.2014 എന്നി തിയതികളിലെ ചർച്ചകൾ.
4. 14.10.2014, 21.10.2014, 28.10.2014, 28.11.2014 എന്നി തിയതികളിൽ നടത്തിയ ഹിയറിംഗുകൾ.

## ഉത്തരവ് നം. സി. 6120/12 തിയതി 26.12.2014

കയറ്റിറക്ക് മേഖലയിൽ ജില്ലാടിസ്ഥാനത്തിൽ ഏകീകൃത കൂലി നിശ്ചയിക്കുന്നതിനു വേണ്ട നടപടി ക്രമങ്ങൾ സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ ഈ മേഖലയിലുള്ള വിവിധ തൊഴിലാളി -തൊഴിലുടമ പ്രതിനിധികളെ പങ്കെടുപ്പിച്ച് കൊണ്ട് നിരവധി ചർച്ചകൾ നടത്തുകയു ണ്ടായി വ്യാപാരി വ്യവസായ മേഖലയിൽ ഇരു കക്ഷികളും ചർച്ച ചെയ്ത് സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെടുന്ന സാഹചര്യത്തിലും നിർമ്മാണ മേഖലയിൽ ഇത്തരം ചർച്ചകൾ നടക്കാതെ വ്യത്യസ്ഥ കൂലി നിരക്കുകൾ നിലവിലിരിക്കുന്ന സാഹചര്യത്തിലും നിർമ്മാണ മേഖലയിലെ മാത്രം സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്ന വിഷയം ചർച്ച ചെയ്തു. ചർച്ചയിൽ ഒത്തു തീർപ്പാകാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് വിവിധ തിയതികളിൽ ഹിയറിംഗ് നടത്തുകയും ചെയ്തു. എന്നാൽ ഏകീകരിച്ച കൂലി നിരക്കുകൾ സംബന്ധിച്ച് ഒരു ഒത്തു തീർപ്പ് ഉടമ്പടി ഒപ്പു വെയ്ക്കാനുള്ള സാദ്ധ്യത കാണാത്ത സാഹചര്യത്തിൽ 1978ലെ കേരള ചുമട്ടു തൊഴിലാളി നിയമം വകുപ്പ് 21 (4) പ്രകാരം കോട്ടയം ജില്ലയിലെ നിർമ്മാണ മേഖലയിലെ താഴെപ്പറയുന്ന ഇനങ്ങളിലെ കൂലി നിരക്കുകളും സേവന വേതന വ്യവസ്ഥകളും നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 60 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിയായ കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

| ..ൻ | ഇനം | കയറ്റിറക്ക് കൂലി |
|---|---|---|
| 1 | ഇഷ്ടിക വലുത് (21 സെ.മി മുതൽ 23 സെ.മി വരെ നീളം, 7.6 സെ.മി കനം) 100ന് | 25 |
| 2 | ഇഷ്ടിക ചെറുത് (21 സെ.മി താഴെ) 100ന് | 20 |
| 3 | വയർ കട്ട വലുത് (21 സെ.മി മുതൽ 23 സെ.മി വരെ നീളം, 7.6 സെ.മി കനം) 100ന് | 26.52 |
| 4 | ഹോളോ ബ്രിക്സ് - 8ഇഞ്ച് - 100ന് | 300 |
| 5 | ഹോളോ ബ്രിക്സ് - 6ഇഞ്ച് - 100ന് | 220 |
| 6 | ഹോളോ ബ്രിക്സ് - 4 ഇഞ്ച് -100ന് | 150 |
| 7 | ചെങ്കല്ല് ഒന്നിന് (ഇറക്കുന്നതിന് മാത്രം) | 2.5 |
| 8 | മണ്ണ്, മണൽ- ലോഡ് ഒന്നിന് | 210 |
| 9 | മെറ്റൽ പൊടി | 210 |
| 10 | ഗ്രാവൽ | 226 |
| 11 | മണ്ണ്, മണൽ- കുത്തളവ് | 240 |
| 12 | മെറ്റൽ പൊടി - കുത്തളവ് | 240 |
| 13 | ഗ്രാവൽ - കുത്തളവ്(ഉടമ ഒരാളെ കൊടുക്കാതിരുന്നാൽ) | 240 |
| 14 | ഗ്രാവൽ - പൊക്ലിൻ ലോഡ് (ഉടമ ഒരാളെ കൊടുക്കാതിരുന്നാൽ) | 260 |
| 15 | 3/4 ഇഞ്ച് മെറ്റൽ, 3/8 മെറ്റൽ ലോഡിന് | 225 |
| 16 | 1 1/2 ഇഞ്ച് മെറ്റൽ ലോഡിന് | 240 |
| 17 | സോളിംഗ് - 3 ഇഞ്ച് മുതൽ 6 ഇഞ്ച് വരെ | 315 |
| 18 | സിമന്റ് കട്ട (സോളിഡ് ബ്ലോക്ക്) 4ഇഞ്ച് - 100ന് 12"x8"x4" | 145 |
| 19 | സിമന്റ് കട്ട (സോളിഡ് ബ്ലോക്ക്) 6ഇഞ്ച് - 100ന് 12"x8"x6" | 210 |
| 20 | സിമന്റ് കട്ട (സോളിഡ് ബ്ലോക്ക്) 8 ഇഞ്ച് - 100ന് 12"x8"x8" | 265 |
| 21 | ലോക്ക് കട്ട വലുത് (10 1/2 x8x5 ഇഞ്ച്) 1ന് | 2.25 |
| 22 | ലോക്ക് കട്ട ചെറുത് (10 1/2x6x5 ഇഞ്ച്) 1ന് | 1.65 |
| 23 | ലോക്ക് കട്ട ചെറുത് (10 1/2x4x5 ഇഞ്ച്) 1ന് | 1.3 |

| | | |
|---|---|---|
| 24 | കോൺക്രീറ്റ് ടൈൽസ് വലുത് (5 കി.ഗ്രാം)1ന് | 1.05 |
| 25 | കോൺക്രീറ്റ് ടൈൽസ് ചെറുത് (4 കി.ഗ്രാം)1 ന് | 0.8 |
| 26 | മേച്ചിൽ ഓട്, തറ ഓട് 1000ന് വലുത് | 410 |
| 27 | മേച്ചിൽ ഓട്, തറ ഓട് 1000ന് ചെറുത് | 340 |
| 28 | ഡിസൈൻഡ് ഓട് -1000ന് | 340 |
| 29 | സാധാരണ ഓട് -1000ന് | 340 |
| 30 | കമ്പി ഇറക്ക് കൂലി - 1 ടൺ | 200 |
| 31 | കമ്പി കയറ്റ് കൂലി - 1 ടൺ | 250 |
| 32 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ലോറിയിൽ കയറ്റി അട്ടിവെയ്ക്കുന്നതിന് (ഗോഡൗണിൽ നിന്നും 12 മീ. അകലം) | 7.8 |
| 33 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ലോറിയിൽ നിന്നും ഇറക്കി സ്റ്റോറിൽ അട്ടിവെയ്ക്കുന്നതിന് (സ്റ്റോറുമായുള്ള അകലം 12 മീ.) | 7.8 |
| 34 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ഇറക്കി കണ്ടയിനററിൽ അട്ടി വെയ്ക്കുന്നതിന് (സ്റ്റോറുമായുള്ള അകലം 12 മീ.) | 8.2 |
| 35 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് (സൈഡ് കട്ട് ചെയ്യാത്തത്) 25 സ്ക്വയർ ഫീറ്റ് വരെ - ടൺ ഒന്നിന് | 431 |
| 36 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് 50 സ്ക്വയർ ഫീറ്റ് വരെ - ടൺ ഒന്നിന് | 650 |
| 37 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് 50 സ്ക്വയർ ഫീറ്റ് മുകളിൽ - ടൺ ഒന്നിന് | 1200 |
| 38 | ടൈൽസ് ടൺ ഒന്നിന് | 471.6 |
| 39 | ടൈൽസ് 1'x1' - 1 ബോക്സ് | 6.5 |
| 40 | ടൈൽസ് 1'x2' - 1 ബോക്സ് | 10 |
| 41 | ടൈൽസ് 2'x2' - 1 ബോക്സ് | 16 |
| 42 | ടൈൽസ് 2'x4' - 1 ബോക്സ് | 28 |
| 43 | ടൈൽസ് 4'x4' - 1 ബോക്സ് | 30 |
| 44 | പേവിംഗ് ബ്ലോക്ക് | 1.5 |

3

| | | |
|---|---|---|
| 24 | കോൺക്രീറ്റ് ടൈൽസ് വലുത് (5 കി.ഗ്രാം)1ന് | 1.05 |
| 25 | കോൺക്രീറ്റ് ടൈൽസ് ചെറുത് (4 കി.ഗ്രാം)1 ന് | 0.8 |
| 26 | മേച്ചിൽ ഓട്, തറ ഓട് 1000ന് വലുത് | 410 |
| 27 | മേച്ചിൽ ഓട്, തറ ഓട് 1000ന് ചെറുത് | 340 |
| 28 | ഡിസൈൻഡ് ഓട് -1000ന് | 340 |
| 29 | സാധാരണ ഓട് -1000ന് | 340 |
| 30 | കമ്പി ഇറക്ക് കൂലി - 1 ടൺ | 200 |
| 31 | കമ്പി കയറ്റ് കൂലി - 1 ടൺ | 250 |
| 32 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ലോറിയിൽ കയറ്റി അട്ടിവെയ്ക്കുന്നതിന് (ഗോഡൌണിൽ നിന്നും 12 മീ. അകലം) | 7.8 |
| 33 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ലോറിയിൽ നിന്നും ഇറക്കി സ്റ്റോറിൽ അട്ടിവെയ്ക്കുന്നതിന് (സ്റ്റോറുമായുള്ള അകലം 12 മീ.) | 7.8 |
| 34 | സിമന്റ് ചാക്ക് / പായക്കറ്റ് - 1ന് ഇറക്കി കണ്ടയിനറിൽ അട്ടി വെയ്ക്കുന്നതിന് (സ്റ്റോറുമായുള്ള അകലം 12 മീ.) | 8.2 |
| 35 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് (സൈഡ് കട്ട് ചെയ്യാത്തത്) 25 സ്കചയർ ഫീറ്റ് വരെ - ടൺ ഒന്നിന് | 431 |
| 36 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് 50 സ്കചയർ ഫീറ്റ് വരെ - ടൺ ഒന്നിന് | 650 |
| 37 | മാർബിൾ / ഗ്രാനൈറ്റ് സ്ലാബ് - 1ന് 50 സ്കചയർ ഫീറ്റ് മുകളിൽ - ടൺ ഒന്നിന് | 1200 |
| 38 | ടൈൽസ് ടൺ ഒന്നിന് | 471.6 |
| 39 | ടൈൽസ് 1'x1' - 1 ബോക്സ് | 6.5 |
| 40 | ടൈൽസ് 1'x2' - 1 ബോക്സ് | 10 |
| 41 | ടൈൽസ് 2'x2' - 1 ബോക്സ് | 16 |
| 42 | ടൈൽസ് 2'x4' - 1 ബോക്സ് | 28 |
| 43 | ടൈൽസ് 4'x4' - 1 ബോക്സ് | 30 |
| 44 | പേവിംഗ് ബ്ലോക്ക് | 1.5 |

| | | |
|---|---|---|
| 45 | ആസ്ബസ്റ്റോസ് ടൺ 1ന് | 240 |
| 46 | ജി. ഐ ഷീറ്റ് ടൺ 1 ന് | 341 |
| 47 | മൺ പൈപ്പ് 1 ന് (4x6 ഇഞ്ച്) | 2.38 |
| 48 | ടാർ വീപ്പ- നിറ ഒന്നിന് - കയറ്റു കൂലി | 36 |
| 49 | ടാർ വീപ്പ- ഇറക്കി നിവർത്തി വെയ്ക്കുന്നതിന് ഒന്നിന് - കയറ്റു കൂലി | 28 |
| 50 | വാർക്ക കട്ടിള ഒന്നിന് | 28.79 |
| 51 | വാർക്ക ജനൽ - രണ്ടു പാളി - കമ്പിയോട് കൂടിയത് ഒന്നിന് | 28.79 |
| 52 | വാർക്ക ജനൽ - മൂന്നപാളി " | 32.45 |
| 53 | വാർക്ക ജനൽ - നാലു പാളി " | 42.7 |
| 54 | തടി കട്ടിള 1 എണ്ണം | 28.79 |
| 55 | മൊസൈക്ക് ടൈൽസ് 100 ന് | 64.6 |
| 56 | <u>മരം ഉരുപ്പടി</u>-<br>(1)ഫുൾ ഒരു ലോഡിന്- വലിയ ലോറി | 2000 |
| | 2) ഇടത്തരം ലോറി | 1500 |
| | 3) ടെമ്പോ ലോഡ് | 1000 |
| | 4) സ്റ്റീയറിംഗ് ആട്ടോ | 750 |
| | 5) പിക്കപ്പ് ആട്ടോ | 425 |
| 57 | <u>മരം ഉരുപ്പടി</u>- ഇറക്കി അട്ടി വെയ്ക്കുന്നതിന് ക്യൂബിക്ക് അടിയ്ക്ക് | 7.5 |
| | വലിയ ലോറി (ഫുൾ) | 750 |
| | ഡി.സി.എം. (ഫുൾ) | 475 |
| | മിനിലോറി (ഫുൾ) | 410 |
| 58 | റോളിംഗ് ഷട്ടർ- 10 അടി വരെ വീതി ഒന്നിന് | 145.18 |
| 59 | റോളിംഗ് ഷട്ടർ- തുടർന്നുള്ള ഓരോ അടിയും | 17.69 |
| 60 | ഡോർ ഷട്ടർ ഒന്നിന് | 29.28 |

District Labour Officer
Kottayam

## വ്യവസ്ഥകൾ

1 മേൽ നിശ്ചയിച്ച കൂലി നിരക്കുകൾ 1.1.2015 മുതൽ 31.12.2016 വരെ ബാധക മായിരിക്കുന്നതാണ്.

2 കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള 27% ലെവി അടക്ക മുള്ളതാണ് മേൽ കൂലി നിരക്കുകൾ.

3 തൊഴിലാളികൾ വാങ്ങുന്ന കൂലിക്ക് രസീത് നൽകേണ്ടതാണ്. കേരള ചുമട്ടു തൊഴിലാളി പദ്ധതി പ്രദേശത്തുള്ള കയറ്റിറക്ക് ജോലികൾക്ക് വർക്ക് കാർഡ് നൽകേണ്ടതാണ്.

4 നാഷണൽ/ഫെസ്റ്റവൽ ഹോളിഡെയ്സ് ആയ ക്രിസ്തുമസ്സ്, റംസാൻ, ജനുവരി 26, ദുഃഖവെള്ളിയാഴ്ച, ആഗസ്റ്റ് 15, തിരുവോണം, മെയ്ദിനം, ബ്രക്രീദ്, വിഷു എന്നീ 9 ദിവസങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒന്നര കൂലി കൊടുക്കുന്ന താണ്. ജോലിസമയം രാവിലെ 7 മുതൽവൈകിട്ട് 7 മണവരെയുള്ളതിന് ഒരു കൂലിയും രാത്രി 7ന്ശേഷം രാവിലെ 7 വരെയുള്ള ജോലിക്ക് ഒന്നരക്കൂലിയും നൽകു ന്നതാണ്.

5. ഏതെങ്കിലും കാരണവശാൽ ലോറിയിൽ കൊണ്ടുവരുന്ന സാധനങ്ങൾ ഒരു വശത്തു — കൂടി മാത്രം ഇറക്കേണ്ടി വരികയാണെങ്കിൽ സാധാരണ കൂലിക്കു പുറമേ 10 ശതമാനം കൂടുതലായി കൊടുക്കേണ്ടതാണ്.

6. ഒരു ജോലി സ്ഥലത്തുനിന്നും കോൺട്രാക്ടറുടെ സ്റ്റോറിലേയ്ക്കോ പണി സ്ഥലത്തേക്കോ കൊണ്ടു പോകുന്ന പഴയ സാമഗ്രികൾ (വാർക്കപ്പലക, മുള, മുട്ട്, ടെമ്പററി ഷെഡിന്റെ സാമഗ്രികൾ, ജാക്കി, സ്പാൻ, പ്ലേറ്റ് മുതലായവ) കോൺട്രാ ക്ടറുടെ സ്വന്തം തൊഴിലാളികളെക്കൊണ്ട് കയറ്റുന്നതിനും ഇറക്കുന്നതിനും കോൺട്രാ ക്ടർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

7. യാതൊരു കാരണവശാലും തൊഴിലാളികളുടെ തടസ്സം കൊണ്ട് ലോറി താമസിപ്പി ക്കാൻ പാടുള്ളതല്ല. ലോഡിംഗ് & അൺ ലോഡിംഗ് സംബന്ധിച്ച തർക്കം ഉണ്ടായാൽ ലോഡ് ഇറക്കി കഴിഞ്ഞതിനുശേഷം തൊഴിൽ ഉടമയും യൂണയിൻ പ്രതിനിധികളും ചർച്ച ചെയ്ത് തർക്കം പരിഹരിക്കേണ്ടതാണ്.

8. മുകളിൽ നിശ്ചയിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ കോട്ടയം ജില്ലയിൽ മുഴുവൻ ബാധകമായിരിക്കുന്നതാണ്.

9. ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത ഏതെങ്കിലും സാധനങ്ങൾ കയറ്റിറക്കുന്ന കൂലി സംബ ന്ധിച്ച തർക്കം കൺസ്ട്രക്ഷൻ സൈറ്റിൽ ഉണ്ടായാൽ മേൽ വിഷയം തർക്ക പരിഹാര കമ്മിറ്റി മുമ്പാകെ ഉന്നയിക്കേണ്ടതും, ആയതിന്മേൽ ചർച്ച നടത്തി ടി കമ്മറ്റി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

10. നിർമ്മാണാവശ്യങ്ങൾക്ക് സൈറ്റുകളുൽ വരുന്ന സാധനസാമഗ്രികൾ കണ്ടെയ്നർ/ ടോറസ് ഉൾപ്പെടെയുള്ള ഹെവി വാഹനങ്ങളിൽ വരുന്നത് ഈ ഒത്തുതീർപ്പിൽ ഒപ്പു വച്ച കക്ഷികൾ പ്രതിനിധാനം ചെയ്യുന്ന സംഘടനകളിലെ തൊഴിലാളികൾക്ക് മാത്രം അവകാശപ്പെട്ടിട്ടുള്ളതാണ്.

11. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന കയറ്റിറക്ക് ജോലികൾക്ക് വർക്ക് കാർഡ് വഴിയല്ലാതെ നേരിട്ട് കൂലി നൽകുന്ന രജിസ്റ്റേഡ് തൊഴിലുടമകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതും അവരവരുടെ കയറ്റിയിറക്ക് ജോലികൾ നിർത്തലാക്കുന്നതുമാണ്. വർക്കുകാർഡ് വഴിയല്ലാതെ നേരിട്ടു കൂലി കൈപ്പറ്റുന്ന തൊഴിലാളി ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

12. തൊഴിലാളികൾ ജോലി സമയത്ത് മദ്യപിക്കുവാൻ പാടില്ല.

13. തൊഴിലാളികളുടെ ഭാഗത്ത് നിന്നും തൊഴിലുടമകൾക്ക് ഏതെങ്കിലും വിധത്തിലുള്ള തൊഴിൽ തടസ്സം, സാധനങ്ങൾ മനഃപൂർവ്വമായി നശിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എന്നിവയുണ്ടായാൽ ടി തൊഴിലാളിക്കെതിരായി നടപടി സ്വീകരിക്കുന്നതും തൊഴിലുടമയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം പ്രസ്തുത തൊഴിലാളിയിൽ നിന്നും ഈടാക്കുന്നതുമാണ്.

14. ചെയ്യുന്ന ജോലിക്കുള്ള കൂലി ഒഴികെ മറ്റു യാതൊരുവിധ പണപ്പിരിവും നടത്തുവാൻ തൊഴിലാളിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

15. കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയുടെ പ്രവർത്തന പരിധിക്കുള്ളിൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന തൊഴിലുടമകൾക്കും തൊഴിലാളികൾക്കുമെതിരായി നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

16. ഉഭയകക്ഷി കരാറുകൾ, നിയമാനുസൃതം ഉത്തരവായ തീരുമാനങ്ങൾ എന്നിവ പ്രകാരമുള്ള നിരക്കുകൾ അതത് കരാർ/തീരുമാന കാലാവധി വരെ തുടരാവുന്നതാണ്.

17. യന്ത്രസഹായം കൊണ്ട് മാത്രം ചെയ്യാവുന്ന കയറ്റിറക്ക് പ്രവൃത്തികളുൽ തൊഴിലാളികൾ അവകാശം ഉന്നയിക്കുവാനോ കൂലി ആവശ്യപ്പെടുവാനോ പാടുള്ളതല്ല. 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം വകുപ്പ് 2(എം) അനുശാസിക്കുന്ന പ്രവൃത്തികളിൽ മാത്രമേ കയറ്റിറക്ക് തൊഴിലാളികൾക്ക് അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

18. ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്നതും ജോലി ചെയ്യാത്തവർക്ക് കൂലി നൽകുന്നതും കുറ്റകരമാണ്. ചെയ്തു തീർത്ത് ജോലിക്ക് കൂലി നൽകുമ്പോൾ രസീത് ആവശ്യപ്പെടേണ്ടതും ലഭിച്ച കൂലിക്ക് രസീത് നൽകാൻ തൊഴിലാളിക്ക് ബാധ്യതയുള്ളതുമാണ്. പദ്ധതി പ്രദേശത്ത് ബോർഡിന്റെ അംഗീകൃത വർക്ക് ഓർഡർ ഫോറ

മാണ് രസീതായി നൽകേണ്ടത്. പ്രസ്തുത ഫോറത്തിൽ പൂൾ ലീഡറും ജോലി ചെയ്യിപ്പിച്ച ആളും ഒപ്പിടേണ്ടതാണ്.

19. കൂലി നിരക്കും ഇതര വ്യവസ്ഥകളും സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായാൽ 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമപ്രകാരം ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ പരാതി ഉന്നയിച്ച് പരിഹാരം കാണേണ്ടതാണ്. തർക്കം മൂലം കയറ്റിറക്കു ജോലികൾ തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല. പരാതി പരിഹാരത്തിനായി ജില്ലാ ലേബർ ഓഫീസർ, ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചെയർമാൻ, തൊഴിലുടമാ പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന പ്രശ്നപരിഹാര സെൽ രൂപീകരിക്കും.

20. അംഗീകൃത കൂലി നിരക്കിൽ കൂടുതൽ വാങ്ങുകയോ അപമര്യാദയായി പെരുമാറുകയോ ചെയ്താൽ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

21. 1981 ലെ കേരള ചുമട്ടു തൊഴിലാളി ചട്ടങ്ങളിലെ ചട്ടം 26(എ)) പ്രകാരമുള്ള തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള തൊഴിലാളികൾക്കു മാത്രമായിരിക്കും കയറ്റിറക്കു ജോലി ചെയ്യാനുള്ള അവകാശം.

22. 15 മീറ്റർ (50 അടി) വരെ ദൂരത്തിന്മേൽ സാധനം എത്തിക്കുന്നതിനാണ് ഈ നിരക്കുകൾ. കൂടുതലായി വരുന്ന ഓരോ 15 മീറ്റർ ദൂരത്തിനും 20% അധിക കൂലി നൽകണം. ലിഫ്റ്റിന്റെ സഹായമില്ലാത്ത മുകൾനിലയിലേക്ക് വസ്തുതകൾ എത്തിക്കുന്നതിന് മൂന്നാം നിലവരെ 20% നാലാം നില മുതൽ മുകളിലേക്ക് 35% അധിക കൂലി നൽകണം.

23. പ്രത്യേക നിരക്കുകൾ നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾ ഒഴികെ മറ്റെല്ലാ ഇനങ്ങൾക്കും കയറ്റ് / ഇറക്ക് എന്നിവക്ക് ഒരേ കൂലി തന്നെയാണ് നൽകേണ്ടത്.

24. ഈ രംഗത്തെ തൊഴിൽ തർക്കങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനും പുതിയ ഇനങ്ങൾ ഈ പട്ടികയിൽ കൂട്ടിചേർക്കുന്നതിനും ജില്ലാ ലേബർ ഓഫീസർ കൺവീനറായും, ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് കോട്ടയം ജില്ലാ കമ്മിറ്റി ചെയർമാനും, കോട്ടയം ഡെപ്യൂട്ടി ലേബർ ഓഫീസർ ജില്ലാ സെക്രട്ടറിയും, തൊഴിലുടമ സംഘടനകളുടെ 6 പ്രതിനിധികളും, തൊഴിലാളി സംഘടനകളുടെ 6 പ്രതിനിധികളും അടക്കം 15 അംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. മേൽ കമ്മിറ്റിയിലെ അംഗങ്ങളായിട്ട് നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ളവർ താഴെ പറയുന്നവരാണ്.

<u>കമ്മറ്റിയംഗങ്ങൾ</u>

1. കൺവീനർ, ജില്ലാ ലേബർ ഓഫിസർ, കോട്ടയം.
2. ചെയർമാൻ, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്,കോട്ടയം.

8

3. സെക്രട്ടറി, ഡെപ്യൂട്ടി ലേബർ ഓഫീസർ കോട്ടയം.

തൊഴിലുടമാ പ്രതിനിധികൾ

4. സി.എം. മാത്യു (ചെയർമാൻ, ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ, ചങ്ങനാശ്ശേരി സെന്റർ) ഫോൺ:- 94475 96958
5. റോയി ജോസഫ് (പ്രസിഡണ്ട്, കെ.പി.ബി.സി.എ., ചങ്ങനാശ്ശേരി ചാപ്റ്റർ) ഫോൺ: 94474 32453
6. ജോർജ്ജ് വർഗീസ്, പ്രസിഡണ്ട്, കെ.ജി.സി.എ., കോട്ടയം സെന്റർ ഫോൺ: 94471 91861
7. ഷാജി ജോസഫ്, സ്റ്റേറ്റ് സെക്രട്ടറി, കെ.ജി.സി.എ., തിരുവനന്തപുരം ഫോൺ:94477 83600
8. ശ്രീ. അലക്സ് പെരുമാലിൽ, വൈസ് പ്രസിഡന്റ്, സതേൺ റെയിൽവേ കോൺട്രാക്ടേഴ്സ് ഓർഗനൈസേഷൻ, പെരുമാലിൽ ഹൗസ്, തലയോലപറമ്പ് പി.ഒ., കോട്ടയം.
9. അലക്സ് പി. സിറിയക്, സ്റ്റേറ്റ് ചെയർമാൻ, ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ

തൊഴിലാളി പ്രതിനിധികൾ

10. ജനറൽ സെക്രട്ടറി, ഹെഡ് ലോഡ് & ജനറൽ മസ്ദൂർ സംഘ് (BMS), BMS ഓഫീസ്, T.B. ജംഗ്ഷൻ, ML റോഡ്, കോട്ടയം-39.
11. ജനറൽ സെക്രട്ടറി, കോട്ടയം ജില്ലാ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് അസോസിയേഷൻ (CITU), കോട്ടയം.
12. ജനറൽ സെക്രട്ടറി, കോട്ടയം താലൂക്ക് ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (AITUC), പാലസ് റോഡ്, കോട്ടയം.
13. ജനറൽ സെക്രട്ടറി, കോട്ടയം ജില്ലാ ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (INTUC), കോട്ടയം.
14. സെക്രട്ടറി, KTUC (M), വയസ്ക്കരക്കുന്ന്, കോട്ടയം.
15. സെക്രട്ടറി, യു.ടി.യു.സി., സെൻട്രൽ ടെലിഗ്രാഫ് ഓഫീസിന് എതിർവശം, പുളിമൂട് ജംഗ്ഷൻ, കോട്ടയം.

OFFICE OF THE DISTRICT LABOUR OFFICER KOTTAYAM

ജില്ലാ ലേബർ ഓഫീസർ,
കോട്ടയം.

1) ചെയർമാൻ, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കോട്ടയം.
2) സെക്രട്ടറി, ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, കോട്ടയം.
3) പ്രസിഡന്റ്, കേരള പ്രൈവറ്റ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ, 2nd Floor, പെരുമ്പായിൽ J&B പ്ലാസാ, കുരിശുംമൂട്, ചങ്ങനാശ്ശേരി.